File No.FLD-B2/75/2018-FWLD

19394
26/10/19

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ശ്രീ. അബൂബക്കർ. വി., വെളുത്തേടത്ത് ഹൗസ്, 25/361 -, ചാലിയിൽ, കുഞ്ഞിമൂപ്പൻ റോഡ്, പി. ഒ., പൊക്കുന്ന്, കോഴിക്കോട് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സിവിൽ) 37716/2018 – ൽ ബഹു. ഹൈക്കോടതി 07/12/2018 ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ)നം.217/2019/വനം തീയതി, തിരുവനന്തപുരം, 14/06/2019

---

പരാമർശം :- 1. കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 17/12/2016 തീയതിയിലെ ജി1-2507/2015 നമ്പർ നടപടിക്രമം.

2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിൾ, കണ്ണൂർ 04/12/2017 – ൽ പുറപ്പെടുവിച്ച പി-6531/2017 നമ്പർ നടപടി ഉത്തരവ്.

3. ശ്രീ. അബൂബക്കർ. വി., വെളുത്തേടത്ത് ഹൗസ്, 25/361 -, ചാലിയിൽ, കുഞ്ഞിമൂപ്പൻ റോഡ്, പി. ഒ., പൊക്കുന്ന്, കോഴിക്കോട് സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി.

4. ശ്രീ. അബൂബക്കർ. വി., പ്രൊപ്രൈറ്റർ, കല്ലായി, കോഴിക്കോട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സിവിൽ) 37716//2018 – മേലുള്ള 07/12/2018 തീയതിയിലെ വിധിന്യായം.

<u>ഉത്തരവ്</u>

കോഴിക്കോട് കല്ലായിൽ പ്രവർത്തിച്ച വന്ന "Standard Furniture" എന്ന സാമിൽ 2002 – ൽ ഹർജിക്കാരനായ ശ്രീ. അബൂബക്കർ വാങ്ങുകയും, ടി സ്ഥാപനത്തിന്റെ പേര് M/s. Park Sawmill and Industries എന്നാക്കി മാറ്റുകയും ചെയ്തുവെന്നും, 07/05/2002 – ലെ കരാർ പ്രകാരം നേരത്തെ പ്രവർത്തിച്ചുവന്ന സാമില്ലിലെ മൊത്തം മെഷനറി ഉൾപ്പെടെ വാങ്ങുകയാണ് ഉണ്ടായതെന്നും, തുടർന്ന് സ്ഥാപനത്തിന് NOC

4) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിൾ, കണ്ണൂർ NOC ക്കുള്ള അപേക്ഷ നിരസിച്ചതിനെതിരെ ഹർജിക്കാരൻ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും, ബഹു: ഹൈക്കോടതി മുമ്പാകെ WP(C)No. 37716/2018 ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത ഹർജ്ജിയിന്മേൽ 07/12/2018-ൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം ഹർജ്ജിക്കാരൻ Exhibit P13 ആയി സമർപ്പിച്ച റിവിഷൻ പെറ്റീഷൻ 1-ാം എതിർ കക്ഷിയായ വനം വകുപ്പ് സെക്രട്ടറി നിയമാനുസൃതം പരിശോധിക്കുകയും, ഹർജ്ജിക്കാരനെ നേരിൽ കേൾക്കുകയും ചെയ്തശേഷം, വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 3 മാസത്തിനകം തീർപ്പാക്കുകയും ചെയ്യണമെന്ന് പരാമർശം 4) പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവിട്ടു.

5) പരാമർശം 4) ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സർക്കാർ 08/03/2019-ൽ ഹർജ്ജിക്കാരനെ നേരിൽ കേൾക്കുകയുണ്ടായി. ഹർജ്ജിക്കാരനെ നേരിൽ കേട്ടതിൽ നിന്നും, ടിയാൻ ഹാജരാക്കിയ രേഖകളും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ സമർപ്പിച്ച റിപ്പോർട്ടുകളും സർക്കാർ നിയമാനുസൃതം വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങളിൽ എത്തുകയും ചെയ്തു.

6) Standard Furniture Company Ltd ലിക്വിഡേറ്ററിൽ നിന്നും Sudarsan Trading Company Ltd 27/01/1972 ൽ വിലയ്ക്ക് വാങ്ങിയതാണ്. സുദർശൻ ട്രേഡിങ്ങ് കമ്പനി എന്ന സ്ഥാപനത്തിന് ഇപ്രകാരം സിദ്ധിച്ച വസ്തുവകകളിൽ ഒരു ഭാഗമായ 31.10 സെന്റ് വസ്തുവും അതിലുള്ള ഓടുമേഞ്ഞ സോമിൽ ഷെഡ് നടപ്പവകാശങ്ങളും കൂടി പ്രസ്തുത കമ്പനിയുടെ ഡയറക്ടറിൽ നിന്നും 07/05/2002 ലെ ജന്മം തീറാധാരപ്രകാരം ശ്രീ. അബൂബക്കർക്ക് സിദ്ധിച്ചിട്ടുള്ളതുമാണ്. ടി 30.10 സെന്റ് വസ്തുവിലുള്ള കെട്ടിടത്തിൽ സാമിൽ പ്രവർത്തിപ്പിക്കുന്നതിന് ശ്രീ. അബൂബക്കർ ക്ക് 11/02/2003 ൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ NOC നല്കിയിട്ടുള്ളതുമാണ്. ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും 01/08/2003 ന പെർമിറ്റും കോഴിക്കോട് കോർപ്പറേഷനിൽ നിന്നും 2003 ൽ ലൈസൻസും ലഭിച്ചിട്ടുള്ളതാണ്.

7) Kerala Forest (Regulation of Sawmills and other Wood Based Industries Units) Rules 2012 ചട്ടം 9 ലെ കാറ്റഗറി 1 പ്രകാരം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽ നിന്നും അല്ലെങ്കിൽ ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ലൈസൻസ് പ്രകാരം 30/10/2002-ന്ന മുൻപ് പ്രവർത്തിച്ചിരുന്ന സോമില്ലുകൾക്ക് മറ്റ് വ്യവസ്ഥകൾ പാലിക്കപ്പെടുന്ന പക്ഷം ലൈസൻസിന് അർഹതയുള്ളതാണ്. ടി ചട്ടങ്ങളിലെ ചട്ടം 8 (xii) പ്രകാരം സാമിൽ ലൈസൻസ് കൈമാറ്റം ചെയ്യാവുന്നതല്ല. ആയതിനാൽ 14/02/2003 ൽ ആദ്യമായി ലൈസൻസ് ലഭിച്ച M/s. Park Sawmill and Industries എന്ന സ്ഥാപനം "Standard Furniture"എന്ന സ്ഥാപനത്തിന്റെ തുടർച്ചയായി കണക്കാക്കാവുന്നതല്ല.

8) "2012-ലെ Kerala Forest (Regulation of Sawmills & other wood based Industrial units) Rules പ്രകാരം 30/10/2002-ന് മുമ്പ് ഹർജ്ജിക്കാരന്റെ സ്ഥാപനം പ്രവർത്തിച്ചിരുന്നു എന്നതിന് സാധുവായ തെളിവുകൾ ഹാജരാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഹർജിക്കാരന്റെ അപ്പീൽ തള്ളിക്കൊണ്ട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ Northern Circle, കണ്ണൂർ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പുനഃപരിശോധിക്കണമെന്നും, ടിയാന്റെ സാമില്ലിന് ലൈസൻസ് നൽകണമെന്ന് ഡി.എഫ്.ഒ. യ്ക്ക് നിർദ്ദേശം നല്കണമെന്നുമുള്ള, ശ്രീ.അബൂബക്കർ.വി. സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യങ്ങൾ പരിഗണനാർഹമല്ലെന്ന കാണുന്നു. ഈ സാഹചര്യത്തിൽ ബഹു.ഹൈക്കോടതി WP(C)37716/2018-ന്മേൽ 07/12/2018-ൽ പുറപ്പെടുവിച്ച വിധിന്യായപ്രകാരം ഹർജിക്കാരനെ നേരിൽ കേട്ടതിന്റെയും, മറ്റ് വസ്തുതകൾ നിയമാനുസൃതം വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ശ്രീ.അബൂബക്കർ.വി. സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചുകൊണ്ടും, അപ്രകാരം ബഹു: ഹൈക്കോടതി WP(C)37716/2018-ന്മേൽ 07/12/2018-ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പല് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)

ശ്രീ. അബൂബക്കർ.വി, വെള്ളത്തോടത്ത് ഹൗസ്, 25/361, ചാലിയിൽ, കുഞ്ഞിമൂപ്പൻ റോഡ്,പി.ഒ.പൊക്കുന്ന്, കോഴിക്കോട്, പിൻ-673 007.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, സതേൺ സർക്കിൾ, കണ്ണൂർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ഇൻ ഫർ മേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by PRAVEEN KUMAR S
Date: 2019.06.1[illegible] IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്.

വനം വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.